എമ്മാവൂസ്
# വചനദൂത്
കൈത്താക്കാലം ആറാം ഞായർ ലൂക്കാ 17:11 - 19
Vol.11 / Issue - 11 / 27 Aug 2017



# നന്ദിയുള്ളവരാകുക



ബ്ര. സുരേഷ് പട്ടേട്ട്

പതിവിനു വിപരീതമായി വ്യത്യസ്തമായൊരു ടെസ്റ്റുപേപ്പറുമായാണ് സെലിൻ ടീച്ചർ അന്ന് ക്ലാസ്സിലേയ്ക്കു വന്നത്. ''എന്തിനെയോർത്താണോ നിങ്ങൾ ജീവിതത്തിൽ ഏറ്റവുമധികം ദൈവത്തോട് നന്ദി പറയുന്നത്. അതിനെക്കുറിച്ചൊരു ചിത്രം വരയ്ക്കണം.'' കുട്ടികളോട് ടീച്ചർ ആവശ്യപ്പെട്ടു. ഐസ്ക്രീമും ചിക്കൻപൊരിച്ചതും നല്ല വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും ഗെയിം കളിക്കുന്ന കമ്പ്യൂട്ടർ അങ്ങനെ മനോഹരമായ ചിത്രങ്ങളുടെ ശേഖരം തന്നെ ആ കൊച്ചുകൂട്ടുകാർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ തന്നെ വരച്ച് ടീച്ചറിന് കൈമാറി. എല്ലാ ചിത്രങ്ങളെയും ശ്രദ്ധയോടെ നോക്കുന്നതിനിടയിൽ മറ്റുള്ളവയിൽ നിന്നൊക്കെ വ്യത്യസ്തമായി ഒരു 'കൈപ്പത്തിയുടെ ചിത്രം' മാത്രം ടീച്ചറിന്റെ ശ്രദ്ധയെ വല്ലാതെ ആകർഷിച്ചു. കൂട്ടത്തിൽ പഠനത്തിലോ, മറ്റുകാര്യങ്ങളിലൊന്നും അത്ര സമർത്ഥനൊന്നുമല്ലാത്ത അപ്പു എന്ന കുട്ടി വരച്ച ആ ചിത്രത്തിന് കുട്ടിവരയുടെ ഭംഗിയേ ഉണ്ടായിരുന്നുവെങ്കിലും ആരുടെയും ഹൃദയത്തെ സ്പർശിക്കുന്നതായിരുന്നു.

അന്ന് ക്ലാസ്സ് കഴിഞ്ഞ് ടീച്ചർ അവിടെ നിന്നും പോയില്ല. കൂട്ടുകാർക്കൊപ്പം കളിക്കാനോടിയ അപ്പുവിനെ അരികെ വിളിച്ച് ടീച്ചർ ചോദിച്ചു: "മോൻ വരച്ചത് ആരുടെ കൈ ആയിരുന്നു." അപ്പോൾ അപ്പു നിഷ്കളങ്കമായ ഒരു ചെറുചിരിയോടെ പറഞ്ഞു: "അത് ടീച്ചറിന്റെ കൈയാ. ടീച്ചർ ഇടയ്ക്ക് എന്റെ കൈകളിൽ ചേർത്തു പിടിക്കാറില്ലേ." പലപ്പോഴും കൂട്ടുകാരുടെയിടയിൽ ഒറ്റപ്പെട്ടു പോകാറുണ്ടായിരുന്ന അപ്പുവിനെ മറ്റുകുട്ടികൾക്കൊപ്പം ചേർത്തുനിർത്താറുണ്ടായിരുന്ന കാര്യം ഉള്ളിൽ ഒരു ചെറുസന്തോഷത്തോടെ സെലിൻ ടീച്ചർ ഓർത്തു.

പത്തു കുഷ്ഠരോഗികളുടെ കഥപറയുന്ന

ഇന്നത്തെ തിരുവചനഭാഗത്തെ ധ്യാനിക്കുമ്പോഴും ഏതാണ്ട് ഈ കഥയ്ക്ക് സമാനമായൊരു ചിത്രമാണ് നമ്മുടെ മനസ്സിലേയ്ക്ക് ഓടിയെത്തുക. പലപ്പോഴും കൂട്ടുകാരുടെയൊപ്പം എത്താൻ കഴിയാതെ ഏകനായി നടന്ന നിമിഷങ്ങളിൽ തന്നെ അരികെ വിളിച്ച് ആശ്വസിപ്പിച്ച, പ്രചോദനമേകിയ ടീച്ചർ ദൈവം തനിക്കു നൽകിയ സമ്മാനമായിക്കരുതി അപ്പു ദൈവത്തിന് നന്ദി പറഞ്ഞപ്പോൾ, ദൈവശാപത്തിന്റെയും അശുദ്ധിയുടെയും പ്രതീകമായിരുന്ന കുഷ്ഠരോഗം പിടിപ്പെട്ടുവെന്ന കാരണത്താൽ സമൂഹവും ബന്ധുക്കൾപ്പോലും കൈവിട്ട്, ശരീരത്തിലും മനസ്സിലും ദുഃസ്സഹമായ വേദനയോടെ ഏകനായി നടന്നപ്പോൾ തന്റെ മേൽ സൗഖ്യത്തിന്റെ കരസ്പർശം നീട്ടിയ കാരുണ്യവാനായ തമ്പുരാന്റെ ചിത്രം ഹൃദയഫലകത്തിൽ കോറിയിട്ട് നന്ദിപറയാൻ തിരിച്ചുവന്ന വിജാതീയനായ കുഷ്ഠരോഗിയാണ് വചനത്തിൽ നമുക്കിന്ന് മാതൃകയാവുന്നത്.

ഒരു കൊച്ചുകുട്ടി ചിത്രം വരച്ചാൽ എത്രത്തോളം ഭംഗിയുണ്ടാവുമോ അത്രയുമേ ഉണ്ടായിരുന്നുള്ളൂ നാലാം ക്ലാസ്സുകാരനായ അപ്പുവിന്റെ ചിത്രത്തിന്. അതുപോലെ തന്നെ മാനുഷികമായി ചിന്തിച്ചാൽ വിജാതീയനായ സമരിയാക്കാരൻ കുഷ്ഠരോഗിയുടെ നന്ദിപ്രകാശനത്തിൽ മറ്റു കുഷ്ഠരോഗികളുടേതുപോലെ, പുരോഹിതരുടെ സാക്ഷ്യപത്രത്തിന്റെ സാധുതയോ, വിധിപ്രകാരമുള്ള ആരാധനാനുഷ്ഠാനങ്ങളുടെ ബലിയർപ്പണങ്ങളുടെയും മനോഹാരിതയോ ഇല്ലായിരുന്നു. അപ്പുവിന്റെ ചിത്രത്തിലും സമരിയാക്കാരന്റെ സമർപ്പണത്തിലും ഹൃദയങ്ങളുടെ സമർപ്പണമുണ്ടായിരുന്നു. അതുകൊണ്ട് അപ്പുവിന്റെ ചിത്രം സെലിൻ ടീച്ചറിന്റെ ഹൃദയത്തെയും വിജാതീയ സഹോദരന്റെ സമർപ്പണം ദൈവപുത്രന്റെ ഹൃദയത്തെയും സ്പർശിച്ചു. അത് അവന് ശാരീരികമായ സൗഖ്യത്തിനൊപ്പം ആത്മരക്ഷയ്ക്കു കൂടി കാരണമായി എന്ന് വചനം പറയുന്നു. "എഴുന്നേറ്റ് പൊയ്ക്കൊള്ളുക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." എന്തുകൊണ്ടായിരിക്കാം സൗഖ്യം പ്രാപിച്ച മറ്റ് 9 കുഷ്ഠരോഗികളിൽ നിന്നും വ്യത്യസ്തമായി എന്നെ സുഖപ്പെടുത്തിയ യേശുവിന്റെ പക്കൽ തിരിയെ വരാനും അവിടുത്തോട് നന്ദിപറയുവാനും സമരിയാക്കാരനായ ഈ കുഷ്ഠരോഗിയെ പ്രേരിപ്പിച്ചത്? വചനം വ്യക്തമായി ഉത്തരം നൽകുന്നില്ലായെങ്കിലും "അവൻ ഒരു സമരിയാക്കാരനായിരുന്നു എന്ന്" സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നതിലൂടെ നമുക്ക് മനസ്സിലാവും. ഒരുപക്ഷേ, അവൻ ഇതുവരെയും കണ്ടിട്ടുള്ള ദേവാലയ പുരോഹിതരിലും, ആരാധനാനുഷ്ഠാനങ്ങളിലും ഇല്ലാത്തൊരു ദൈവീകഭാവം ഇന്നു കണ്ട ആ മനുഷ്യനിൽ – "തന്നോടു കരുണ കാണിച്ച" ആ മനുഷ്യനിൽ കാണുവാൻ അവന് സാധിച്ചിരിക്കും. മറ്റ് 9 പേർക്കും "പോയി നിങ്ങളെത്തന്നെ കാണിച്ചുകൊടുക്കുവിൻ" എന്ന യേശുവിന്റെ കല്പന അതേപടി അനുസരിക്കുവാൻ ഒരു ദൈവാലയവും അതിൽ ആവശ്യത്തിലധികം പുരോഹിതരും അവിടെ അവരെ തിരിയെ സ്വീകരിക്കുവാൻ ഒരു സമൂഹവുമുണ്ടായിരുന്നുവെങ്കിൽ വിജാതീയനായ മനുഷ്യന് മുമ്പിൽ മറ്റാരുമില്ലായിരുന്നു. അപ്പോൾ അവനു പോകുവാൻ ഉണ്ടായിരുന്നത് അവൻ കൺമുമ്പിൽ തെളിവായിക്കണ്ട, അവനെ യഥാർത്ഥത്തിൽ സൗഖ്യമാക്കിയവന്റെ പാദാന്തികമായിരുന്നു. അവന്റെ മുമ്പിൽ അവൻ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു. മറ്റു പുരോഹിതരേക്കാൾ ശ്രേഷ്ഠനായ ആ മഹാപുരോഹിതനിൽ നിന്നും തന്റെ സൗഖ്യത്തിനുള്ള സാക്ഷ്യപത്രം നേടിയെടുത്തു. അതുമൂലം അവൻ മറ്റുള്ളവരേക്കാൾ ഭാഗ്യമുള്ളവനായിത്തീർന്നു. ഹെബ്രായ. ലേഖനം 4:15 ഇപ്രകാരം പറയുന്നു. "നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാക്കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. അതിനാൽ വേണ്ട സമയത്ത് കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം.

നമുക്കും നമ്മുടെ ജീവിതത്തെ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കാം. ക്രിസ്തുവിലുള്ള വിശ്വാസത്തിലും അവിടുത്തെ കാരുണ്യത്തിലുള്ള പ്രത്യാശയിലും അവിടുത്തോടുള്ള

സ്നേഹത്തിലും വളർന്ന് ശിഷ്യത്വത്തിൽ ആഴപ്പെടേണ്ടിയിരുന്ന ശ്ലീഹാക്കാലം കടന്നുപോയി. ശിഷ്യത്വം എത്രത്തോളം ആഴപ്പെട്ടുവോ, അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ട കൈത്താക്കാലത്തിന്റെ അവസാനദിനങ്ങളിലാണ് നാം കടന്നുപോകുക. വചനം നമ്മോട് ചോദിക്കുന്നതും മറ്റൊന്നല്ല, ഫലമന്വേഷിച്ച് വരുന്ന തമ്പുരാന് നല്കുവാൻ തക്കവിധം എന്നിലെ നന്ദിയുടെ ഫലങ്ങൾ പാകമായിക്കഴിഞ്ഞുവോ? എന്താണ് അവിടുന്ന് എന്നിൽ നിന്നാഗ്രഹിക്കുന്ന ഈ ഫലങ്ങൾ? വചനം നമ്മോട് വ്യക്തമായി പറയുന്നു:

ഒന്നാമതായി; “നീയും മറ്റൊരു ക്രിസ്തുവാകുക.” രണ്ടാമതായി നല്കപ്പെട്ട ദാനങ്ങളിൽ അഹങ്കരിക്കാതെ, മരണം വരെയും അവ നല്കിയ തമ്പുരാനെയും ആ അനുഗ്രഹങ്ങൾ നമ്മിലേയ്ക്കെത്തിക്കുവാൻ അവിടുത്തെ ഉപകരണമായി വർത്തിച്ചവരെയും നന്ദിയോടെ ഓർക്കുക. ഈ രണ്ടുകാര്യങ്ങളാണ് യേശുനാഥൻ വചനത്തിലൂടെ നമ്മിൽ നിന്നാവശ്യപ്പെടുന്ന സ്നേഹത്തിന്റെ ഫലങ്ങൾ. ഒരുപക്ഷേ, യേശു മനുഷ്യരുടെ മുമ്പിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചപോലെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച് മറ്റുള്ളവരെ ആകർഷിക്കുവാൻ നിനക്കും എനിക്കും സാധിക്കില്ലായിരിക്കും. എന്നാൽ മറ്റ് ഒത്തിരി കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയും. വേദനിക്കുന്നവനോടു കൂടെ വേദനിക്കുവാൻ, കരയുന്നവന്റെ കണ്ണീരൊപ്പാൻ, മുറിവേറ്റവനെ വച്ചുകെട്ടാൻ, ആഹാരമില്ലാത്തവന് ആഹാരം കൊടുക്കാൻ, ഭവനമില്ലാത്തവനെ സ്വഭവനത്തിലേയ്ക്ക് ക്ഷണിക്കാൻ, ദ്രോഹിക്കുന്നവനോട് ക്ഷമിക്കാൻ, അങ്ങനെ ഒത്തിരിക്കാര്യങ്ങൾ ചെയ്യാം. ഇപ്രകാരം ക്രിസ്തുശിഷ്യരായ നാം നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയാൽ നമ്മുടെ മുഖങ്ങളിൽ അന്ന് കുഷ്ഠരോഗികൾ യേശുവിൽ കണ്ട കരുണയുടെ മറ്റുള്ളവർ ദർശിക്കും. നമ്മിലൂടെ ദൈവപിതാവിന്റെ മഹത്വം ലോകത്തിന് വെളിവാകുകയും ചെയ്യും.

നമുക്ക് നമ്മുടെ ഓരോരുത്തരുടെയും ജനന നിമിഷം മുതൽ ഇന്നോളമുള്ള വളർച്ചയുടെ ഓരോ ഘട്ടത്തെയും ഒന്നോർത്തുനോക്കാം. ഓർക്കുക നമ്മളൊക്കെയും പൂർണ്ണ ആരോഗ്യവാന്മാരാണ്. മറ്റുള്ളവരുടെ മുമ്പിൽ നിന്നും മാറ്റിനിർത്തപ്പെടത്തക്കവിധത്തിൽ കുറവുകളൊന്നും നമ്മിലാരിലും കാണുവാൻ സാധിക്കില്ല. എന്നാൽ നമ്മളിൽ എത്രപേരുണ്ട് എല്ലാദിവസവും ഇപ്രകാരം നമ്മെ രൂപപ്പെടുത്തിയ ദൈവത്തിന് നന്ദി പറയുന്നവരായിട്ട്. അതോടൊപ്പം നമ്മെ ഈ രൂപത്തിൽ ആക്കിയെടുക്കുവാൻ ദൈവം ഒരുക്കിയ നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, അറിവിന്റെ അക്ഷരദീപം നമ്മുടെ ഹൃദയങ്ങളിൽ കൊളുത്തിത്തരുന്ന ഗുരുദൂതർ. എപ്പോഴും കൂടെയുണ്ടായിരുന്ന കൂട്ടുകാർ, സഹപാഠികൾ, ജീവിതവഴികളിൽ ആവശ്യനേരങ്ങളിൽ സഹായമായി കൂടെയെത്തിയവർ. ഇവരൊക്കെയും നമുക്കു മുന്നിലൂടെ കടന്നുപോയ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ മുഖഭാവങ്ങളായിരുന്നു. അങ്ങനെയെങ്കിൽ ഇതുവരെയും നമ്മെ സ്നേഹത്തോടെ വളർത്തിയ മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ എവിടെയെങ്കിലും ഉപേക്ഷിക്കുവാൻ നമുക്കാവില്ല. അറിവ് പകർന്ന ഗുരുദൂതർക്കുനേരെ, കൈകളുയർത്താനും കൊടികൾ നാട്ടുവാനും ഒരു കലാലയവും വേദിയാവില്ല. സ്നേഹം പകർന്ന സുഹൃദ്ബന്ധങ്ങളിൽ വിടവുകൾ സൃഷ്ടിക്കപ്പെടില്ല. സ്വത്തുതർക്കത്തിന്റെ പേരിൽ സഹോദരബന്ധം മുറിയപ്പെടില്ല. സഹായത്തിനായി കൈനീട്ടുന്നവനെ അവജ്ഞയോടെ മറികടന്നുപോവാൻ നമ്മുടെ മനസ് അനുവദിക്കില്ല. ഒപ്പം, വലിയ പ്രാർത്ഥനകളാലും നൊവേനകളാലും ഒക്കെ നേടിയെടുത്ത അനുഗ്രഹങ്ങളിൽ മതി മറക്കാതെ ദൈവത്തോട് നന്ദിയുള്ളവരായി നാം തീരുകയും എനിക്കുള്ളതൊന്നും എന്റെ നേട്ടമല്ല മറിച്ച് ദൈവം അവയൊക്കെയും എനിക്കു ദാനമായി നല്കിയതാണ് എന്ന തിരിച്ചറിവിനു ടമകളായിത്തീരുകയും ചെയ്യും.

പൗലോസ് ശ്ലീഹാ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു. “എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ ഇതാണ് നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.” ഇപ്രകാരമായിരിക്കട്ടെ നമ്മുടെ യഥാർത്ഥ ദൈവാരാധന. ◆